(ബി) മദിരാശിയിൽ ഈയിടെ മുനിസിപ്പൽ ചെയർമാന് കൂടുതൽ അധികാരങ്ങൾ നൽകിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതുപോലുള്ള ഒരു നടപടി എടുക്കുവാൻ അടിയന്തിരമായി ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്റ്റിൽ ഭേദഗതികൾ വരുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) മദിരാശിയിൽ ഈയിടെ മുനിസിപ്പൽ ചെയർമാന് കൂടുതൽ അധികാരങ്ങൾ നൽകിയ വിവരം ഗവണ്മെന്റിനു അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. പ്രകാശം: (ബി) ഉത്തരം അറിവില്ല എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പത്രം വായിക്കാറില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പത്രം വായിക്കാറുണ്ട്. അധികൃതമായ അറിവ് ഇല്ലാ എന്നാണ് പറഞ്ഞത്.

സ്വാതിതിരുനാൾ സംഗീതവിദ്യാലയം.

*263. [18] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്വാതിതിരുനാൾ സംഗീത വിദ്യാലയത്തിനുവേണ്ടി 1954–55–ൽ ചെലവെത്ര; വരവെത്ര;

(ബി) പ്രസ്തുത വിദ്യാലയത്തിലെ പ്രിൻസിപ്പാളാര്; അദ്ദേഹത്തിന്റെ പരീക്ഷായോഗ്യത എന്ത്; ശമ്പളം എത്ര;

(സി) ഈ വർഷത്തിലെ വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥികൾക്കു പ്രവേശനത്തിനുള്ള കുറഞ്ഞ യോഗ്യതയെന്ത്;

(ഡി) പഠിക്കുന്ന കുട്ടികളുടേയും അദ്ധ്യാപകരുടേയും ജാതി തിരിച്ചുള്ള തുക എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സ്വാതി തിരുനാൾ സംഗീത വിദ്യാലയത്തിനുവേണ്ടി, 1954–55–ൽ ചെലവായതു് 46,528 രൂപ, വരവു് 5920 രൂപ.

(ബി) പ്രസ്തുത വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ രാജ്യസേവാനിരതൻ ശെമ്മാംകുടി ആർ. ശ്രീനിവാസയ്യർ. അദ്ദേഹം തെക്കേ ഇൻഡ്യയിലെ ഒരു പ്രശസ്ത സംഗീതജ്ഞനാണു്. മദിരാശി സംഗീത അക്കാഡമിയിലെ 'സംഗീത കലാനിധി' എന്ന മുദ്ര സമ്പാദിച്ചിട്ടുണ്ടു്. പ്രശസ്ത സംഗീതജ്ഞന്മാർക്കു് ഇൻഡ്യൻ പ്രസിഡന്റ് നൽകിവരാറുള്ള ബഹുമതി അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശമ്പളം, 750 രൂപ.

(സി) ഈ വർഷത്തിലെ വിദ്യാർത്ഥികൾ, 168. വിദ്യാർത്ഥികൾക്കു് 13 വയസ്സു കഴിഞ്ഞിരിക്കുകയും, 21 വയസ്സിൽ കൂടാതിരിക്കുകയും വേണം. മലയാളമോ, തമിഴോ ഏഴാം ക്ലാസ്സുവരെയോ, ഇംഗ്ലീഷ് മിഡ്ൽ ഫാറം വരെയോ പഠിച്ചിരിക്കുകയോ വേണം. സംസ്കൃതം

LIBRARY ARCHIVES Kerala Legislative Assembly

ആണെങ്കിൽ ശാസ്ത്രീ പരീക്ഷ പാസ്സായിരിക്കണം. കൂടാതെ സംഗീതത്തിൽ നല്ല അഭിരുചിയും വാസനയും സ്വരമാധുര്യവും ഉണ്ടായിരിക്കണം. സംഗീതത്തിന്റെ മൗലികമായ ഭാഗങ്ങളെപ്പറ്റി പ്രാഥമികമായ അറിവും പരിശീലനവും വേണം.

(ഡി) ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ ജാതി തിരിച്ചുള്ള പട്ടിക:

ബ്രാഹ്മണർ	73	ക്രിസ്ത്യാനികൾ	4
നായന്മാർ	52	ഈഴവർ	19
പുലയർ	4	വണ്ണാൻ	2
ഗണകൻ	2	കമ്മാളർ	2
നാടാർ	1	നമ്പീശൻ	1
വായ്പർ	1	വെള്ളാളർ	2
ചെട്ടി	1		

അദ്ധ്യാപകർ:

ബ്രാഹ്മണർ	14
ഈഴവർ	1
കമ്മാളർ	1

അയിത്താചാരം.

* 264. [19] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 മാർച്ചിനുശേഷം അയിത്താചാരത്തിനെതിരായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) എവിടെനിന്നെല്ലാം;

(സി) അവയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1955 മാർച്ചിനുശേഷം അയിത്താചാരത്തിനെതിരായി നാല പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) മോനപ്പള്ളി, പെരുമ്പിള്ളി, തൃശ്ശൂർ, തോന്നയ്ക്കൽ എന്നീ സ്ഥലങ്ങളിൽനിന്നും.

(സി) അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പരാതികളുടെ സ്വഭാവം എന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മോനപ്പള്ളിൽ, ഒരു ഹരിജനെ ബാർബർ ഷാപ്പിൽ പ്രവേശിപ്പിച്ചില്ലെന്നുള്ളതാണ് പരാതി. പെരുമ്പിള്ളിൽ ഒരു ഹരിജനെ ക്ഷേത്രത്തിനുള്ളിൽനിന്നും ഇറക്കിവിട്ടുവെന്നാണ്. തൃശ്ശൂരിൽനിന്നും പരാതി കിട്ടിയിട്ടുള്ളത്, ഒരു അലക്കുകാരൻ, ഒരു ഹരിജന്റെ വസ്ത്രം അലക്കാൻ വാങ്ങിയില്ലെന്നാണ്. ചായപ്പീടികയിൽനിന്നും ചായ കൊടുത്തില്ലെന്നാണ് തോന്നയ്ക്കൽനിന്നും വന്നിട്ടുള്ള പരാതി.

LIBRARY ARCHIVES Kerala Legislative Assembly